**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**Hazrat Khalifathullah Munir Ahmad Azim (A)**

**17 November 2017 (27 Safar 1439 Hijira)**

## THE PERFECT BOOK (PART-4) :/ സമ്പൂർണ്ണ ഗ്രന്ഥം ഭാഗം - 4

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം **സമ്പൂർണ്ണ ഗ്രന്ഥം** എന്ന വിഷയത്തിൽ വെള്ളിയാഴ്ച ഖുത്തുബ വീണ്ടും ആരംഭിക്കുകയുണ്ടായി.

മഹത്തായ ഈ ഗ്രന്ഥം അതിൽ യാതൊരു സംശയവുമില്ല സൂക്ഷിച്ചു ജീവിക്കുന്നവർക്ക് മാർഗ്ഗദർശനമാകുന്നു. അദൃശ്യ യാഥാർത്ഥ്യങ്ങളിൽ വിശ്വസിക്കുകയും നമസ്കാരം (മുറപ്രകാരം) അനുഷ്ഠിക്കുകയും നാം അവർക്ക് നല്കിയതിൽ നിന്നും (നന്മയുടെ മാർഗ്ഗത്തിൽ) ചെലവഴിക്കുകയും ചെയ്യുന്നവരാണവർ. താങ്കൾക്ക് അവതരിപ്പിക്കപ്പെട്ടതിലും താങ്കളുടെ മുമ്പ് അവതരിപ്പിക്കപ്പെട്ടതിലും വിശ്വസിക്കുന്നവരും പരലോകത്തെക്കുറിച്ച് ദൃഢബോധമുള്ളവരുമാണവർ (2:3-5)

സൂറ : ബക്കറയിലെ 3-5 വചനങ്ങൾ ഓതി കൊണ്ട് 3 വെള്ളിയാഴ്ചയ്ക്കു മുമ്പ് ആരംഭിച്ച സമ്പൂർണ്ണ ഗ്രന്ഥം എന്ന ഖുർആൻ വിഷയം അല്ലാഹുവിന്റെ അനുഗ്രഹത്താൽ തുടരുകയാണ്.

ഖുർആൻ പാരായണം ചെയ്യുമ്പോൾ അതിൽ അല്പമെങ്കിലും തെറ്റോ വൈരുദ്ധ്യമോ ഇല്ല എന്ന് വിശ്വാസികളെല്ലാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. മറിച്ച് അതിലെ ഓരോ വചനവും മറ്റു വചനത്തെ ശക്തിപ്പെടുത്തുന്നതാണ്. അത് യാതൊരു വിധ സംശയവും സൃഷ്ടിക്കുന്നതല്ല. എന്നാൽ ചിലരെ സംബന്ധിച്ച സംശയങ്ങൾക്ക് നിവാരണം ലഭിക്കുന്നതിന് പകരം അവരുടെ സംശയങ്ങൾ വർദ്ധിക്കുകയാണ് ചെയ്യുന്നത്. ഇത്തരം ആളുകൾ മനസ്സിലാക്കണം, അവർ ഖുർആനിലെ ബക്കറയിൽ ആദ്യം പാരമർശിച്ച വിഭാഗത്തിൽപ്പെടുന്നവരല്ല. അതായത് അവർ സ്വാതികരല്ല, ദൈവഭയമുള്ളവരുമല്ല, പ്രസ്തുത വചനങ്ങളിൽ പരാ

മർശിച്ച പ്രകാരം

ഖുർആൻ പാരായണവേളയിൽ സംശയമില്ലാത്തവർ, അതിന്റെ ഉള്ളടക്കത്തിൽ സംശയമില്ലാത്തവർ, അവരെ സംബന്ധിച്ചിടത്തോളം അത് മാർഗ്ഗ ദർശനം നല്കുന്ന ഗ്രന്ഥം തന്നെയാണ് എന്നതിൽ യാതൊരു സംശയവുമില്ല. അവരാണ് മുത്തഖീങ്ങൾ, അതായത് ദൈവത്തെ ഭയപ്പെടുന്നവർ, അവർ സത്യമായും സ്വാത്വികരാണ് നിങ്ങൾ അല്ലാഹുവിനെ പ്രാർത്ഥനയോടെ സമീപിക്കുമ്പോൾ, നിങ്ങൾ ഖുർആനിലെ വിഷയങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. അല്ലെങ്കിൽ നിങ്ങൾ അല്ലാഹുവിനോട് ആവശ്യപ്പെടേണ്ടതുണ്ട്. അത് മനസ്സിലാക്കി തരുന്നതിനായി, ഇൻശാ അല്ലാഹ് അല്ലാഹു (ത) നിങ്ങൾക്ക് മനസ്സിലാക്കി തരുന്നതാണ്. ഖുർആനിലെ ഉള്ളടക്കം നല്ല നിലയിൽ മനസ്സിലാക്കുന്നതിനായി അങ്ങനെ നിങ്ങളുടെ ഹൃദയം യാതൊരു വിധ സംശയവുമില്ലാത്തതായി തീരുന്നതാണ്. എന്നാൽ ഖുർആനോടുള്ള സ്നേഹം അത് നിങ്ങളോടാവശ്യപ്പെടുന്നത്, നിങ്ങൾ അതിൽ നിന്നും നേരിട്ട് ഈ ഉറപ്പ് അന്വേഷിക്കേണ്ടതാണ് (അതായത് ഖുർആനിൽ നിന്നു തന്നെ ! )

അല്ലാഹുവിന്റെ വിഷയങ്ങൾ അനന്തങ്ങളാണ്. വളരെയധികം സമയം ജനങ്ങൾക്ക് അത്തരം അനുകൂല ചിന്തകളുണ്ടായിരിക്കണം. ഖുർആനിൽനിന്നും കുറെ കാര്യങ്ങൾ ഗ്രഹിക്കുവാൻ അല്ലാഹു (ത) അവരെ പ്രാപ്തമാക്കുന്നതാണ്. അവർ മുതഖീങ്ങളാണെങ്കിൽ, ഖുർ ആൻ പ്രതിപാദിക്കുന്ന കാര്യങ്ങൾ ഗ്രഹിക്കുവാൻ അവർക്ക് ഒരു പ്രശ്നവുമുണ്ടാവുകയില്ല. ഇത് അവർക്ക് വളരെ എളുപ്പവുമായിരിക്കും എന്നാൽ അവർ മുത്തഖീങ്ങളല്ലെങ്കിൽ, അവർക്ക് ലഭിച്ച അതേ അറിവ്, സംശയത്തിന്റെയും കുഴപ്പത്തിന്റെയും തർക്കങ്ങളുടെയും ഉറവിടമായി മാറുന്നു.

ദിവസവുമുള്ള അഞ്ച് നേര നമസ്ക്കാരം നിർവ്വഹിക്കാത്ത അനേകം വീടുകൾ എനിക്കറിയാം. അവർ അവരുടെ കുഞ്ഞുങ്ങളെ അഞ്ച് നേരം നമസ്ക്കാരത്തിന് പ്രേരിപ്പിക്കുന്നുമില്ല. 5 നേരം നമസ്ക്കരിക്കുന്ന വീടുകളെയും എനിക്കറിയാം. എന്നാലവർ ഖുർആൻ പാരായണം ചെയ്യുന്നില്ല. അവരുടെ കുഞ്ഞുങ്ങളെ ഖുർആൻ പാരായണത്തിനായി പ്രേരിപ്പിക്കുന്നുമില്ല. ഖുർആൻ പാരായണത്തിന് അവർ യാതൊരു പ്രാധാന്യവും കൊടുക്കുന്നില്ല. അങ്ങനെ അവരുടെ ഭവനങ്ങൾ

അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്നും ആട്ടി ഓടിക്കപ്പെടുന്നു.

ഒരു മുസ്ലിം തന്റെ 5 നേര നമസ്ക്കാരം നിർവ്വഹിക്കേണ്ടതാണ്. അതുപോലെ ഖുർആൻ പാരായണവും നിർബന്ധമായും നടത്തേണ്ടതാണ്. ഖുർആൻ പാരായണം നടത്തുന്നില്ലെങ്കിൽ അവന്റെ / അവളുടെ നമസ്ക്കാരം ദൈവീക പ്രതിഫലങ്ങളിൽ നിന്നും ആട്ടി ഓടിക്കപ്പെടുന്നതായിരിക്കും. അല്ലാഹുവിന്റെ മുമ്പിൽ പ്രയോജനമില്ലാത്ത നമസ്ക്കാരമായിരിക്കുമത്. ആയതിനാൽ ഖുർആൻ പാരായണം ഇനിയും ആരംഭിച്ചിട്ടില്ലാത്തവർ, നിർബന്ധമായും അത് ഉടൻ തന്നെ ആരംഭിക്കേണ്ടതാണ്. വിശുദ്ധഖുർആനിലെ വചനങ്ങളുടെ അർത്ഥം ഗ്രഹിക്കുന്നതിന് നിങ്ങൾ അല്പം അറിവ് കരസ്ഥമാക്കേണ്ടത് അത്യാവശ്യമാണ്. ദൈവീക ജ്ഞാനത്തിന്റെ അഗാധ അറിവിനായി, ജ്ഞാനം വളരെ പ്രധാനമായ കാര്യമാകുന്നു. അതുകൊണ്ടാണ് വിശുദ്ധഖുർആൻ പറയുന്നത്. നിങ്ങൾ ജ്ഞാനം അന്വേഷിക്കുന്നവരാണെങ്കിൽ, അതറിയാവുന്ന ആരോടെങ്കിലും ചോദിക്കുക (അല്ലാഹുവിനോടൊപ്പം തന്നെ) അറിവ് നല്കി അനുഗ്രഹിച്ചിരിക്കുന്ന അത്തരം ആളുകളോട് ആരായുക. വിശുദ്ധഖുർആനിൽ പ്രസ്താവിച്ചിരിക്കുന്നു. അതായത് ഹസ്രത് മുഹമ്മദ് (സ) ജനങ്ങൾക്ക് ജ്ഞാനത്തോടൊപ്പം തത്വജ്ഞാനവും പഠിപ്പിച്ചിരിക്കുന്നു. ഹസ്രത് ആയിശാ (റ) റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ വിവരിച്ചിരിക്കുന്നു. പരിശുദ്ധ പ്രവാചകൻ (സ) യുടെ ഒരനുചരൻ അവരോട് ഒരു ചോദ്യം ചോദിക്കുകയുണ്ടായി. അതായത് റസൂൽ (സ) യുടെ ജീവിതം എങ്ങനെ ആയിരുന്നു ? മറുപടി ഹസ്രത് ആയിശാ (റ) പറഞ്ഞു. നബി സ യുടെ ജീവിതം എങ്ങനെ ആയിരുന്നു എന്നറിയുവാൻ നിങ്ങൾ ഖുർആൻ വായിക്കുക. എന്നിട്ട് അവർ അദ്ദേഹത്തെ ഉപദേശിച്ചു നബി (സ) യുടെ ജീവിതം പഠിക്കുക. വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനായി, ഈ വചനങ്ങളിൽ നിന്നും നിങ്ങൾക്ക് മനസ്സിലാകും നബി (സ) വിശുദ്ധഖുർആന്റെ ഒരു പ്രതിരൂപമായിരുന്നു വെന്ന് (അദ്ദേഹം സഞ്ചരിക്കുന്ന ഒരു ഖുർആൻ തന്നെ ആയിരുന്നു)

ആയതിനാൽ, ഖുർആൻ പഠനത്തിന് ഞാൻ വളരെയധികം ഊന്നൽ നല്കുകയാണ്. അതിന്റെ ആരംഭം മുതൽ തന്നെ പഠിച്ചു തുടങ്ങുക. അപ്പോൾ ബാക്കി കാര്യങ്ങൾ അല്ലാഹു (ത) നോക്കുന്നതാണ്. അതായത് ഈ യാത്രയുടെ തുടക്കം നിങ്ങൾ ഇടുക. അപ്പോൾ അല്ലാഹു (ത) ഈ യാത്രയ്ക്കുള്ള ബാക്കി സഹായങ്ങൾ അവൻ ചെയ്തു തരുന്നതാണ്. അങ്ങനെ ആരാണോ ഈ യാത്ര ആരംഭി

ക്കുന്നത് അപ്പോൾ അല്ലാഹു (ത) അവരുടെ കരങ്ങൾ പിടിക്കുകയും അങ്ങനെ അവരെ പ്രസ്തുത യാത്രയുടെ അന്ത്യത്തിലെത്തിക്കുകയും ചെയ്യുന്നതാണ്. യാത്രയുടെ അന്ത്യം എന്നതുകൊണ്ട്ർത്ഥമാക്കുന്നത് മരണം വരെയുമാകുന്നു. മരണം വരെ ഈ കാര്യത്തിൽ അവർ കഠിനാധ്വാനം ചെയ്യുന്നവരാണ് എന്ന് സാരം ! അല്ലാത്ത പക്ഷം ഈ യാത്രയ്ക്ക് അവസാനമുണ്ടാവുകയില്ല.

ഖുർആൻ പഠനത്തെക്കുറിച്ചും ഖുർആൻ ഗ്രഹിക്കുന്നതിനെ കുറിച്ചുമുള്ള ഗഹനമായ ഈ വിഷയത്തെ കുറിച്ചുള്ള പ്രാധാന്യത്തെക്കുറിച്ച് എന്റെ വിവിധ പ്രഭാഷണങ്ങളിലൂടെ ഞാൻ പറഞ്ഞു കഴിഞ്ഞു. ഇൻശാ അല്ലാഹ് ! ഞാൻ ദുആ ചെയ്യുന്നു. ഖുർആൻ പാരായണം എല്ലാ വീട്ടിലും എല്ലാ ദിവസവും ഉണ്ടാകണം ! ഖുർആൻ പാരായണത്തിന്റെ സഹായത്തോടെ, എല്ലാ വീടുകളിലും നമസ്ക്കാരം ക്കൊണ്ട് നിറയേണ്ടതാണ്. നിങ്ങളുടെ ഹൃദയങ്ങളിൽ തഖ്‌വ ഭരണം നടത്തട്ടെ, തഖ്‌വയുടെ ഒരർത്ഥം വിനയമാകുന്നു. ഒരു വ്യക്തി എത്ര കണ്ട് മുതഖി ആകുമോ അത്ര കണ്ട് അവൻ അല്ലാഹുവിന് കീഴ്പ്പെട്ടവനായി കണ്ടെത്തുന്നതാണ്. അല്ലാഹുവിന്റെ മുന്നിൽ അവൻ സുജൂദിലും റുക്കുഇലും ആയിരിക്കും.

അത്തരം മുതഖീങ്ങൾ അല്ലാഹു (ത) യോട് ചോദിക്കുമ്പോൾ, അവൻ അവരെ നേർമാർഗ്ഗത്തിൽ നയിക്കുന്നതാണ്. അല്ലാഹുവിന്റെ ഗ്രന്ഥത്തോടുള്ള സ്നേഹം, ഭാവി തലമുറയുടെ നിലനില്പിന്റെ പ്രശ്നം കൂടിയാണ്. ആയതിനാൽ ഞാൻ മുൻപ് നിങ്ങളോട് പറഞ്ഞതുപോലെ, നിങ്ങൾ ഒരു സ്വതന്ത്യ പക്ഷിയെപോലെ വളർന്നിരിക്കുന്നു. (നിങ്ങൾ ഇഷ്ടപ്പെടുന്നതെന്തും, ഒരു നിയന്ത്രണവുമില്ലാതെ നിങ്ങൾ ചെയ്യുന്നു) അല്ലെങ്കിൽ അല്ലാഹുവിന്റെ പ്രതീക്ഷകൾക്കനുസരിച്ച് നിങ്ങൾ വളർന്നിരിക്കുന്നു. അതുകൊണ്ടർത്ഥമാക്കുന്നത് നിങ്ങൾ ഒന്നുകിൽ അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ച് ജീവിച്ചിരിക്കുന്നു. അല്ലെങ്കിൽ അല്ലാഹുവിന്റെ തൃപ്തിക്കെതിരിൽ ജീവിച്ചിരിക്കുന്നു. അല്ലാഹുവിനോടും ഖുർആനോടും, 5 നേര നമസ്ക്കാരത്തോടും സ്നേഹമില്ലാത്ത ഭാവി തലമുറയെ നിങ്ങൾ സൃഷ്ടിച്ചുവെങ്കിൽ നിങ്ങൾ അതിന്റെ ഉത്തരവാദികളായിരിക്കും. അല്ലാഹുവിന്റെ മുൻപിൽ നിങ്ങൾ ഇതിനെല്ലാം ഉത്തരവാദികളായിരിക്കും. ഈ ഉത്തരവാദിത്വ നിർവ്വഹണത്തിൽ നിങ്ങൾ പരാജയപ്പെട്ടാൽ ഉണ്ടാകുന്ന കഠിനതര

മായ അനന്തരഫലങ്ങളെകുറിച്ച് മുന്നറിയിപ്പ് നല്കപ്പെട്ടിട്ടില്ല എന്ന് നിങ്ങൾക്കു പറയുവാൻ അവസരമുണ്ടാകുന്നതുമല്ല.

നിങ്ങൾക്ക് കഴിയുന്ന കാര്യങ്ങൾ ഉത്തരവാദിത്വത്തോടെ ഗൗരവപൂർവ്വം ചെയ്യുക. അപ്പോൾ അവർക്ക് അല്ലാഹുവിനോട് സ്നേഹമുണ്ടാകും. ഖുർആനോട് സ്നേഹമുണ്ടാകും. നമസ്ക്കാരത്തോട് സ്നേഹമുണ്ടാകും. ഖുർആൻ പഠനത്തിന് ആവശ്യമായ കാര്യങ്ങൾ നിങ്ങൾ നടപ്പിലാക്കുന്നില്ലെങ്കിൽ, ബാക്കി എല്ലാം നിഷ്ഫലങ്ങളായി തീരുന്നതാണ്. കാര്യങ്ങൾ ബോധ്യമാകാതെ അവിശേഷിക്കുന്നതാണ്. ഇത് വളരെ അവശ്യമായ ഒരു ഘടകമാണ്. അതായത് ഖുർആന് വളരെ വലിയ ഊന്നൽ നല്കുക എന്നത് ! ഖുർആൻ പാരായണത്തിന് തീർച്ചയായും വളരെ വലിയ പ്രാധാന്യം നല്കേണ്ടതാണ്. അറബി ഭാഷയിൽ കൂടുതൽ ജ്ഞാനമില്ലാത്ത രാജ്യങ്ങളിൽ അതിന്റെ പരിഭാഷകൂടി വായിക്കേണ്ടതാണ്. ഞാൻ മുൻപ് പറഞ്ഞതുപോലെ ! അല്ലാഹു (ത) വിശുദ്ധഖുർആന്റെ ആമുഖത്തിൽ പറഞ്ഞതുപോലെ ! പ്രസ്തുത ഗ്രന്ഥം ! എല്ലാ മതാനുയായികളും പ്രതീക്ഷിച്ചിരുന്നതാണ്. എന്നാൽ പ്രസ്തുത ഗ്രന്ഥം വെളിപ്പെടുത്തപ്പെട്ടപ്പോൾ, എത്ര പേരാണ് പിന്തിരിഞ്ഞു പോയതെന്നു നോക്കുക ! അതുപോലെ അനേകം മുസ്ലിംകൾ ഫാത്തിഹ ! ഓതുന്നുണ്ട് നോക്കുക ! നബിയുടെ മേൽ സ്വലാത്തും ചൊല്ലുന്നുണ്ട്. ഹസ്രത് ഇബ്റാഹിം (അ) ന് നല്കിയ അനുഗ്രഹങ്ങൾ മുഹമ്മദ് (സ) നല്കുവാനായി പ്രാർത്ഥിക്കുന്നു എന്തായിരുന്നു പ്രസ്തുത അനുഗ്രഹം ? ദിവസവും ചോദിക്കുന്ന ദൈവീകാനുഗ്രഹം എന്താകുന്നു? സൂറ : അൽഫാത്തിഹ ഓതുന്നതിൽ നിന്നും എന്താണ് ഗ്രഹിക്കുന്നത് ? അവിടെ നാം പറയുന്നു യാ അല്ലാഹ് ഞങ്ങളെ നേർപാതയിൽ നയിക്കേണമെ ! നീ അനുഗ്രഹം ചൊരിഞ്ഞവരുടെ പാതയിൽ നയിക്കേണമെ ! നിന്റെ കോപത്തിന് പാത്രമായവരുടെ വഴിയിലല്ല. വഴി പിഴച്ചവരുടെ മാർഗ്ഗത്തിലുമല്ല,

താഴെപറയുന്ന ചോദ്യം ചോദിക്കുക ഇവിടെ പറയപ്പെട്ട അനുഗ്രഹങ്ങൾ എന്തൊക്കെയാണ് ? (അതായത് ഇബ്റാഹീം നബി (അ) ടെ മേൽ സ്വലാത്തു ചൊല്ലിയതിലൂടെ ! പ്രസ്തുത അനുഗ്രഹങ്ങൾ വലിയ കാറുകളായിരുന്നുവോ ? വീടുകളായിരുന്നുവോ ? ഭൂമികളായിരുന്നുവോ ? കറന്റ് ഉപകരണങ്ങളായിരുന്നുവോ? അതെ എന്നാണ് ഉത്തരമെങ്കിൽ അവിശ്വസകൾക്കും അത്തരം അനുഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ട്. വിശ്വാസികൾക്ക് ലഭിക്കുന്നതിനേക്കാൾ അധികം

ഇത്തരം അനുഗ്രഹങ്ങൾ അവിശ്വാസികൾക്ക് ലഭിച്ചിരിക്കുന്നു. ഹസ്രത് ഇബ്റാഹീം (അ) ന് എന്ത് അനുഗ്രഹങ്ങളാണ് അല്ലാഹു (ത) നല്കിയത് ? പ്രസ്തുത അനുഗ്രഹങ്ങൾ പ്രവാചകത്വ രൂപത്തിലുള്ളതായിരുന്നു. അദ്ദേഹത്തിന്റെ സന്താനപരമ്പരയിൽ പ്രവാകത്വം നല്കി അനുഗ്രഹിച്ചു എന്നതാണത്. ! അല്ലാഹുവിന്റെ പ്രവാചകന്മാർ വന്നു. പ്രസ്തുത പ്രവാചകന്മാരെ ജനം തള്ളിക്കളഞ്ഞു. പ്രസ്തുത പ്രവാചകന്മാരെ അവർ പീഢനങ്ങളേല്പിക്കുക പോലും ചെയ്തു. അങ്ങനെ അവർ അല്ലാഹുവിന്റെ ക്രോധത്തിന് പാത്രമായി വഴികേടിലുമായി.

അതിനാൽ, നിങ്ങൾ സൂറ : അൽഫാത്തിഹ വായിക്കുമ്പോൾ, സ്വലാത്തു ഓതുമ്പോൾ അല്ലാഹു (ത) അവന്റെ പ്രതിനിധിയെ നിങ്ങൾക്കായി അയയ്ക്കുന്നു. നിങ്ങൾ പാരുഷ്യത്തോടെ പിന്തിരിയുകയും വഴികേടിലാവുകയും ചെയ്യുന്നു. അപ്പോൾ പിന്നെ ഈ ഫാത്തിഹ കൊണ്ടും സ്വലാത്തു കൊണ്ടും നിങ്ങൾക്കു എന്ത് പ്രയോജനമാണുള്ളത് ? തീർച്ചയായും ഇത് ഫലശൂന്യം തന്നെ !

ഞാനീ പ്രസംഗം ഇവിടെ അവസാനിപ്പിക്കുന്നു. ഞാൻ അല്ലാഹു (ത) യോട് ദുആ ചെയ്യുന്നു. ഈ വിഷത്തിൽ അല്ലാഹു (ത) എനിക്ക് കൂടുതൽ പ്രകാശം ചൊരിയട്ടെ ! അവൻ എന്നെ എന്നെന്നും ഒരു മുതഖിയായി നിലനിർത്തട്ടെ ! വിനയത്തോടെ, ആത്മാർത്ഥതയോടെ നിന്റെ ഗ്രന്ഥത്തെ മുറുകെ പിടിച്ച് സത്യവാനായി വിശ്വസിയായി തുടരുവാനുള്ള ഭാഗ്യം നല്കട്ടെ ! തീർച്ചയായും നിങ്ങൾ അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുമ്പോൾ നിങ്ങൾ തീർച്ചയായും അല്ലാഹുവിന്റെ ദൂതനിലും വിശ്വസിക്കുക തന്നെ ചെയ്യും. ഇൻശാ അല്ലാഹ് !


**Translated by : R. Jamaludin Raother**

**Amir Jamaat Ul Sahih Al- Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**